**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 897 — 30.11.2018 ന് മറുപടിയ്ക്ക്.

**വന്യജീവി ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവി ആക്രമണം കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) വനം വകുപ്പിലെ വിവിധ ഡിവിഷനുകളുടെ കീഴിലുള്ള ജനവാസ മേഖലകളിൽ വന്യമൃഗശല്യം തടയുന്നതിനായി സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും മുമ്പ് നിർമ്മിച്ചവയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളത്തിനായി വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങി മനുഷ്യ-വന്യജീവി സംഘർഷം സൃഷ്ടിക്കുന്നത് തടയുന്നതിനും വന്യമൃഗങ്ങൾക്ക് കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കുന്നതിനുമായി ചെക്ക്ഡാമുകളും കുളങ്ങളും നിർമ്മിക്കുകയും മുളകൾ വനത്തിൽ വച്ചു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം പൊതുജനങ്ങളെ അറിയിക്കുന്നതിന് ജനപങ്കാളിത്ത ത്തോടെ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ചു വരുന്നു. റെയിൽ ഫെൻസിംഗ്, സൗരോർജ്ജ വേലികൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ എന്നിവ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് മുൻകൂട്ടി അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വന്യജീവി ശല്യം കൂടുതലായുള്ള മേഖലകളിൽ ത്വരിതഗതിയിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ക്യാമറാ ട്രാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാരോടൊപ്പം വന സംരക്ഷണ സമിതി അംഗങ്ങൾ, വാച്ചർമാർ, തദ്ദേശവാസികൾ എന്നിവരുടെ സേവനവും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വന്യജീവികളുടെ ആക്രമണം മൂലം മരണം (പാമ്പുകടി ഉൾപ്പെടെ) | വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവർ | വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം | വന്യജീവികളുടെ ആക്രമണം മൂലം വീട് നാശം | വന്യജീവികളുടെ ആക്രമണം മൂലം കന്നുകാലി നാശം | വന്യജീവികളുടെ ആക്രമണം മൂലം വസ്തു വകകൾ നശിപ്പിച്ചത് |
|---|---|---|---|---|---|
| എണ്ണം | | | | | |
| 302 | 1985 | 16589 | 365 | 601 | 403 |

സെക്ഷൻ ഓഫീസർ